പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2996 — 21.06.2013-ൽ മറുപടിയ്ക്ക്

## വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യസമര സേനാനികൾക്കുവേണ്ടി നിർമ്മിക്കുന്ന സ്മാരകം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. നാണു;<br>,, ജോസ് തെറ്റയിൽ ;<br>,, മാത്യു റ്റി തോമസ്;<br>ശ്രീമതി. ജമീലാ പ്രകാശം. | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി ) |
| (എ) വട്ടിയൂർക്കാവിൽ സംസ്ഥാന സർക്കാർ സ്വാതന്ത്ര്യസമര സേനാനികൾക്ക് വേണ്ടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്മാരകത്തിന്റെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | (എ) തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) സ്വാതന്ത്ര്യസമര സ്മരണ നിലനിർത്തുന്ന രീതിയിലുള്ള ഉചിതമായ സ്മാരകം വട്ടിയൂർക്കാവിൽ പേരൂർക്കട വില്ലേജാഫീസ് കോമ്പൌണ്ടിലുള്ള റീസർവ്വേ നം.22 ബി ബ്ലോക്ക് നം.87 ഉൾപ്പെടുന്ന 30 സെന്റ് ഭൂമിയിൽ നിർമ്മിക്കുന്നതാണ്. സ്മാരകം സന്ദർശിക്കുന്ന പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും സൗകര്യപൂർവ്വം ഇരിക്കുന്നതിനുള്ള ഒരു ഉദ്യാനം സജ്ജീകരിക്കാനും, സ്മാരകം നിർമ്മിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട സംഭവങ്ങൾ ശേഖരിച്ച് കംപ്യൂട്ടർ സഹായത്തോടെ പ്രവർത്തിക്കുന്ന ടച്ച് സ്ക്രീൻ കിയോസ്ക് സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. സ്വാതന്ത്ര്യസമര ചരിത്ര സ്മാരകം സ്ഥാപിക്കുന്നതിനായി 92 ലക്ഷം രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. |

| | |
|---|---|
| (സി) പ്രസ്തുത സ്മാരകത്തിന് വേണ്ടി 2013-2014-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; | (സി)യും (ഡി)യും |
| (ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | 2013-14 ലെ ബഡ്ജറ്റ് വിഹിതത്തിൽ പ്രസ്തുത സ്മാരകത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ, പുരാരേഖാവകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും സ്വാതന്ത്ര്യസമര ചരിത്ര സ്മാരകത്തിനുവേണ്ടി തുക നീക്കി വച്ചിട്ടുണ്ട്. |
| (ഇ) പ്രസ്തുത സ്മാരകത്തിന് സാഹസികനായ സ്വാതന്ത്ര്യ സമര സേനാനി എ.കുഞ്ഞൻ നാടാരുടെ പേര് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; | (ഇ) നിവേദനം ലഭിച്ചിട്ടില്ല. |
| (എഫ്) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ.